# സംയോജിത ശിശു സംരക്ഷണ പദ്ധതി - കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : റ്റി.വി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്കായി ഒരു ടേബിൾ ടെന്നീസ് കോർട്ട് സജ്ജീകരിക്കുന്നതിനുള്ള ആദ്യ ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 05/03/2020-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 34.11.

(2) ഈ കാര്യാലയത്തിൽ നിന്നുള്ള 04/03/2021-ലെ ഇതേ നമ്പർ ഉത്തരവ്.

(3) ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 18/02/2021, 18/03/2021 എന്നീ തീയതികളിലെ GCHA/65/2021 നമ്പർ കത്തുകൾ.

## ഉത്തരവ് നമ്പർ ICPS 2/0826/2021 തീയതി: 16/04/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്കായി ഒരു ടേബിൾ ടെന്നീസ് കോർട്ട് സജ്ജീകരിക്കുന്നതിനായി നിർമ്മിതി കേന്ദ്രയുടെ 4,10,000/-രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സ്ഥാപന സൂപ്രണ്ട് സമർപ്പിച്ചിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം രണ്ട് ഉത്തരവ് പ്രകാരം നിർമ്മിതി കേന്ദ്ര സമർപ്പിച്ച 4,10,000/-രൂപയിൽ KCWWFB ചാർജ്ജ് ഇനത്തിൽ 3,270/-രൂപയും, KFC ചാർജ്ജ് ഇനത്തിൽ 3,270/-രൂപയും ഒഴിവാക്കി ബാക്കി തുകയായ 4,03,460/-രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചും പ്രസ്തുത തുക STSB A/C 701121400000005-ൽ നിന്നും വഹിക്കുന്നതിനും ഉത്തരവായി.

പരാമർശം ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും സ്ഥാപനത്തിൽ ടേബിൾ ടെന്നീസ് കോർട്ട് സജ്ജീകരിക്കുന്നതിനായി 4,03,460/-രൂപ രൂപ അനുവദിക്കുവാനും തീരുമാനിച്ചു, കൂടാതെ ഒരു കോച്ചിനെ നിയോഗിച്ച് കുട്ടികളെ പരിശീലിപ്പിക്കണമെന്നും ആയതിനായി സൂപ്രണ്ട് സ്പോർട്സ് കൗൺസിലിനെയോ അംഗീകൃത ഏജൻസികളേയോ സമീപിച്ച് ഇൻഡിവിജ്വൽ പരിശീലനം നൽകുന്നവരെ കണ്ടെത്തുന്നത് ഉചിതമായിരിക്കുമെന്നും കമ്മിറ്റി നിർദ്ദേശിച്ചു. സ്ഥാപനത്തിൽ ടേബിൾ ടെന്നീസ് കോർട്ട് സജ്ജീകരിക്കുന്നതിനായി നിർമ്മിതി കേന്ദ്രയുമായി കരാർ വയ്ക്കുകയും, എം.ഒ.യു പ്രകാരമുള്ള ആദ്യ ഗഡു 20% തുകയായ 80,692/-രൂപ അനുവദിക്കണമെന്നും സ്ഥാപന സൂപ്രണ്ട് പരാമർശം മൂന്ന് പ്രകാരം അപേക്ഷിച്ചിരിക്കുന്നു

സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്കായി ടേബിൾ ടെന്നീസ് കോർട്ട് സജ്ജീകരിക്കുന്നതിനായി എം.ഒ.യു പ്രകാരമുള്ള തുകയായ 4,03,460/-രൂപയുടെ 20% തുകയായ 80,692/-രൂപ (എൺപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു,

ടി തുക (80,692/-രൂപ) STSB A/C 701121400000005-ൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ആയി സ്ഥാപന സൂപ്രണ്ടിന് (STSB Account Number : 706011400000069, Account Name : Superintendent, Govt Children's Home, Mayithara, Cherthala, Treasury Name : District Treasury, Alappuzha, Phone Number of Superintendent : 9400114062, DDO CODE : 0601860004) അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന

PTO

സൂപ്രണ്ട് പ്രസ്തുത തുക നിർമ്മിതി കേന്ദ്രയുടെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ട്രാൻസ്ഫർ ചെയ്യേണ്ടതാണ് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത്, അനുവദിച്ച തുകയുടെ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കേറ്റ് എന്നിവ സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒരു കോച്ചിനെ നിയോഗിച്ച് സ്ഥാപനത്തിലെ കുട്ടികൾക്ക് ടേബിൾ ടെന്നീസിൽ പരിശീലനം നൽകേണ്ടതാണ്. ആയതിനായി സ്പോർട്സ് കൗൺസിലിനെയോ അംഗീകൃത ഏജൻസികളേയോ സമീപിച്ച് ഇൻഡിവിജ്വൽ പരിശീലനം നൽകുന്ന വനിതകളെ കണ്ടെത്തി മാനേജ്മെൻറ് കമ്മിറ്റിയുടെ അനുമതിയോടു കൂടി പരിശീലനത്തിനായി നിയോഗിക്കേണ്ടതാണ്. പരിശീലകർക്കുള്ള ഹോണറേറിയം തുക നടപ്പു സാമ്പത്തിക വർഷം കലാ-കായിക-യോഗ ഇനത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
മായിത്തറ, ആലപ്പുഴ

<u>പകർപ്പ്</u>

1. എക്സിക്യൂട്ടീവ് സെക്രട്ടറി
   പ്രോജക്ട് മാനേജർ
   നിർമ്മിതി കേന്ദ്ര, ആലപ്പുഴ
   (സ്ഥാപന സൂപ്രണ്ട് മുഖാന്തിരം)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ
   ആലപ്പുഴ (അറിവിലേയ്ക്കായി)
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ
4. ആലപ്പുഴ (അറിവിലേയ്ക്കായി)
5. ഐ.സി.പി.എസ് - 4
   (ചെലവ് സംബന്ധിച്ച രജിസ്റ്ററിൽ
   ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ കോപ്പി
8. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT